എ4/6688/2017

ഫിഷറീസ് ഡയറക്ടറാഫീസ്,
തിരുവനന്തപുരം,
തീയതി: 17/05/2017.
Phone: 0471 2305042
e-mail : fisheriesdirector@gmail.com

# സർക്കുലർ

വിഷയം:- ഫിഷറീസ് - ജീവനക്കാര്യം - നിയമാനുസൃതമല്ലാതെ അപേക്ഷകൾ ബഹു. ഭരണകർത്താക്കൾക്കു നേരിട്ടു നൽകുന്നത് - തെറ്റായ നടപടി വിലക്കി പൊതു നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ 11/04/2017 ലെ 1590/എ4/വിഐപി/17/എം(എഫ്&എച്ച്) നമ്പർ കത്ത്.

*****

വകുപ്പ് മേലധികാരിയും നിയന്ത്രണാധികാരിയും മുഖേനയല്ലാതെ ഫിഷറീസ് വകുപ്പിലെ ജീവനക്കാർ ബഹു. ഫിഷറീസ് മന്ത്രിയുൾപ്പെടെയുള്ള ഭരണകർത്താക്കൾക്കു നേരിട്ടു നിരവധി നിവേദനങ്ങളും അപേക്ഷകളും നൽകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടി നടപടി കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ്, 1960 ലെ ചട്ടങ്ങളുടെ ലംഘനമാണ്. ആയതിനാൽ ടി പ്രവൃത്തി ഗുരു തരമായ അച്ചടക്ക ലംഘനമായി കണക്കാക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിലെ ജീവനക്കാർ ഓഫീസ് മേലധികാരി മുഖേന ഉചിതമാർഗ്ഗേണയല്ലാതെ ബഹു. സംസ്ഥാന സർക്കാർ ഭരണകർത്താക്കൾക്കു മേലിൽ നേരിട്ടു നിവേദനമോ അപേക്ഷയോ നൽകരുതെന്ന് ഇതിനാൽ അറിയിക്കുന്നു. മേലിൽ ഇത്തരം തെറ്റുകൾ ഉണ്ടാകുന്നപക്ഷം ടി ജീവനക്കാരനെതിരെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ്, 1960 നു വിധേയമായി അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

ഫിഷറീസ് ഡയറക്ടർക്കുവേണ്ടി.

എല്ലാ ജീവനക്കാർക്കും (ബന്ധപ്പെട്ട മേലധികാരി മുഖേന)

പകർപ്പ്:

(1) വെബ്സൈറ്റിലേക്ക്

(2) നോട്ടീസ് ബോർഡിലേക്ക്

(3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്

(4) ജെ1 സെക്ഷന്/ശേഖരസഞ്ചയം/കരുതൽ.

പി.എം. 18/05/2017